ഉത്തരം

(എ) 'മിഷൻ 676' പദ്ധതി പ്രഖ്യാപനത്തിൽ വൈദ്യുതി ഉൽപ്പാദന വർദ്ധനയ്ക്കായി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഘുലേഖ 'മിഷൻ 676' -ൽ ഉള്ളത് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കൂടാതെ ടി പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി, ചേർത്തല താലൂക്ക് ആശുപത്രി, മണ്ണുത്തി പന്നി വളർത്തൽ കേന്ദ്രം എന്നിവിടങ്ങളിലായി 74 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ 100 ദിവസത്തിനുള്ളിൽ പണി പൂർത്തിയാക്കാനും 3600 റൂഫ് ടോപ്പ് സോളാർ പവർപ്ലാന്റുകൾ (1 കിലോവാട്ട് വീതം ശേഷിയുള്ളവ), പാറക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് ഇന്ററാക്ടീവ് സോളാർ പവർ പ്ലാന്റ് എന്നിവയുടെ നിർമ്മാണം 200 ദിവസത്തിനുള്ളിൽ പൂർത്തിയാക്കാനും പദ്ധതിയുണ്ട്. ഈ പവർ പ്ലാന്റുകൾ കമ്മീഷൻ ചെയ്യുന്നതോടെ 5.674 മെഗാ വാട്ടിന്റെ അധികസ്ഥാപിതശേഷി കൈവരിക്കാൻ കഴിയുന്നതാണ്.

ഇ.എം.സി. മുഖേന 110.5 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാവുന്ന 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സര ദർഘാസ് നടത്തി ബൂട്ട് അടിസ്ഥാനത്തിൽ സ്വതന്ത്രവും കൃാപ്റ്റീവുമായ സ്വകാര്യ സംരംഭങ്ങൾക്ക് 30 വർഷത്തേക്ക് നൽകുവാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി&സി) 'മിഷൻ 676' പദ്ധതിപ്രകാരം സർക്കാർ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളായ സമ്പൂർണ്ണ വൈദ്യുതീകരണം, പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുക, സോളാർ പവർ പ്ലാന്റ് മുതലായവ നേരിട്ടല്ലെങ്കിലും ബോർഡിന്റെ പുരോഗതിയെ ലക്ഷ്യമാക്കിയാണ് നടപ്പിലാക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ (എ) പിരിവിന് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഇതുസംബന്ധിച്ച പരാമർശങ്ങളൊന്നുമില്ല.

(ഇ) വൈദ്യുതി ബോർഡിൽ ധൂർത്ത് ഉള്ളതായി ആരോപണം ആരും ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രകൃതിവാതക വൈദ്യുതപദ്ധതികൾ

2 (6453) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രകൃതിവാതകം ഉപയോഗിച്ച് വൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത വൈദ്യുത പദ്ധതികളുടെ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത വൈദ്യുതപദ്ധതികൾക്കാവശ്യമായ പ്രകൃതിവാതകം ലഭ്യമാകുമെന്നുറപ്പുണ്ടോ ; വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജലവൈദ്യുത പദ്ധതികളുടെ ഉൽപ്പാദനച്ചെലവും പ്രകൃതിവാതക പദ്ധതികളുടെ ഉൽപ്പാദനച്ചെലവും എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോഴുള്ള താപവൈദ്യുത നിലയങ്ങളിൽ ഉപയോഗിച്ചുവരുന്ന ഇന്ധനങ്ങളായ നാഫ്ത, ഡീസൽ ഓയിൽ, എൽ.എസ്.എച്ച്.എസ്. തുടങ്ങിയവ ഉപയോഗിച്ചുള്ള വൈദ്യുത ഉൽപ്പാദനത്തിന് വേണ്ടിവരുന്ന ചെലവ് പ്രകൃതിവാതകം ഉപയോഗിക്കുമ്പോൾ കുറയുന്നു. പരിസ്ഥിതി മലിനീകരണം താരതമ്യേന കുറവാണ്. കൽക്കരി ഉപയോഗിച്ചുള്ള പദ്ധതികളേക്കാൾ സ്ഥലം കുറച്ചുമതിയാകും. ആഗോള താപനത്തിന് കാരണമാകുന്ന ഹരിതവാതകങ്ങൾ പുറന്തള്ളുന്നത് ഇത്തരം പദ്ധതികളിൽ കുറവാണ്.

(സി) പ്രസ്തുത പദ്ധതികൾക്കാവശ്യമായ പ്രകൃതിവാതകം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ അത്രയും ആഭ്യന്തര പ്രകൃതിവാതകം പൂർണ്ണമായും ലഭ്യമാകാൻ ഇടയില്ലാത്തതിനാൽ ഇറക്കുമതി ചെയ്യുന്ന വാതകത്തിന്റെ ലഭ്യതയും അന്വേഷിക്കുന്നുണ്ട്.

(ഡി) 5 മെഗാവാട്ട് വരെ ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതിക്ക് യൂണിറ്റിന് 4.88 രൂപയും 5 മെഗാവാട്ടിന് മുകളിൽ 25 മെഗാവാട്ട്വരെ ശേഷിയുള്ള പദ്ധതികളിൽനിന്നുള്ള വൈദ്യുതിക്ക് യൂണിറ്റൊന്നിന് 4.16 രൂപയും സംസ്ഥാന റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുണ്ട്. പ്രകൃതിവാതക പദ്ധതികളിൽനിന്നുള്ള ചെലവ് ഇറക്കുമതി ചെയ്യുന്ന വാതകം ഉപയോഗിച്ചാണെങ്കിൽ അതിന്റെ ഇപ്പോഴത്തെ വിലയനുസരിച്ച് 8 മുതൽ 10 രൂപ വരെയും ആഭ്യന്തര വാതകം ഉപയോഗിച്ചാണെങ്കിൽ 3.50 മുതൽ 5 രൂപയും യൂണിറ്റൊന്നിന് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ

3 (6454) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) എനർജി പാർക്കുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ എത്രത്തോളം പുരോഗതി നേടാനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ശരാശരി വിതരണനഷ്ടം എത്ര ശതമാനമാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly